**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3463** **14-07-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വടക്കാഞ്ചേരി ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജ് എന്ന എയ്ഡഡ് കോളേജും ഐ.എച്ച്. ആർ.ഡി. -യുടെ കീഴിൽ വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളും പ്രവർത്തിക്കുന്നു. |
| (ബി) | മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തിരവും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; | (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ വാർഷിക പ്ലാൻ പദ്ധതികളിൽ New Initiatives പദ്ധതിയിൽ ഉൾപ്പെടുത്തി Walk with a Scholar, Scholar Support Programme തുടങ്ങിയവ വടക്കാഞ്ചേരി Sree Vyasa NSS College - ലും നടത്തിവരുന്നു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സബ്ജക്ട് എക്സ്പെർട്ടുകളുടെയും ഭൗതിക സാന്നിധ്യം ആവശ്യമായ പ്രസ്തുത പദ്ധതികൾ COVID 19 വ്യാപനം കാരണം 2020 മുതൽ നടത്താൻ കഴിഞ്ഞിട്ടില്ല. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾ പുനരാരംഭി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ മാനസികാ രോഗ്യം മെച്ചപ്പെടുത്തുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് സ്ഥാപിച്ച ജീവനി എന്ന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കു ന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിനായി പ്രധാന കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പ്രവർത്തികൾക്കും ഒന്നാം നിലയുടെ നിർമ്മാണത്തിനുമായി 150 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, സ്കൂളിൽ വിവിധ ഐ.എച്ച്.ആർ.ഡി. കോഴ്സുകളും കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെ വിവിധ തൊഴിൽ അധിഷ്ഠിത short term കോഴ്സുകളും നടത്തുന്നുണ്ട്. |
| (സി) | 2016 മുതൽ 2022 വരെയുള്ള ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ളതും ഉന്നതവിദ്യാഭ്യാസ വകുപ്പ് നേരിട്ടും വകുപ്പിന് കീഴിലെ മിഷനുകൾ, ഏജൻസികൾ എന്നിവ മുഖാന്തിരവും നടപ്പിലാക്കേണ്ടതുമായ പ്രസ്തുത മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വർഷം തിരിച്ച് ലഭ്യമാക്കാമോ? | (സി) | ഉന്നതവിദ്യാഭ്യാസവകുപ്പിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ വാർഷിക പ്ലാൻ പദ്ധതികളിൽ New Initiatives പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജിന് 2019-20 സാമ്പത്തിക വർഷം Walk With a Scholar പദ്ധതിക്കായി 1,37,600/- രൂപയും Scholar Support Programme പദ്ധതിക്കായി 1,07,000/- രൂപയും അനുവദിക്കുകയും, പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വരടിയം ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2016-22 കാലയളവിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ